**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2210** **01-09-2022 - ൽ മറുപടിയ്ക്ക്**

**അരിയുടെ വില വർധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിപണിയിൽ അരി വില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇന്ധന വിലവർദ്ധനവ്, ചരക്ക് കൂലിയിലുണ്ടായ വർദ്ധനവ്, ഇക്കാരണങ്ങൾക്ക് പുറമെ, കാലാവസ്ഥാ വ്യതിയാനം എന്നിവ മൂലം ഉത്പാദന കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള വിളവിന്റെ കുറവ് എന്നീ കാരണങ്ങളാൽ സംസ്ഥാനത്തെ പൊതുവിപണിയിലെ അരിയുടെ വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും അരിയുടെ വില നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപ്പനശാലകളിലൂടെ പൊതുവിപണിയിലേതിനേക്കാൾ 30 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ, സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, പച്ചരി, മട്ടയരി മുതലായവ വിറ്റുവരുന്നുണ്ട്. കൂടാതെ നോൺ സബ്സിഡി നിരക്കിൽ എല്ലാ അരി ഇനങ്ങളും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിൽ അളവ് നിയന്ത്രണമില്ലാതെ വില്പന നടത്തിവരുന്നു. ഓണക്കാലത്ത് പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി കൂടുതൽ അളവിൽ വിവിധ അരി ഇനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെയും ഓണം ഫെയറുകളിലൂടെയും പൊതു വിപണിയിൽ എത്തിക്കുന്നുണ്ട്. പൊതുവിപണിയിൽ അരി വില വർദ്ധിക്കുന്ന സാഹചര്യം നേരിടുന്നതിനായി നിലവിൽ വിൽപ്പന നടത്തിയിരുന്ന പച്ചരി, മട്ട അരി, ജയ അരി, കുറുവ അരി എന്നീ ഇനങ്ങൾക്ക് പുറമെ |

| | | | |
|---|---|---|---|
| | | | എഫ്.സി.ഐ. ഒ.എം.എസ്.എസ്. പുഴക്കലരി,<br><br>ഇതര പച്ചരി, എന്നിവയും സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പന ശാലകളിലൂടെ വിതരണം ചെയ്യുന്നുണ്ട്. സപ്ലൈകോയുടെ നിലവിലെ വിൽപ്പന വിലയും പൊതുവിപണിവിലയും തമ്മിലുള്ള വ്യത്യാസം, വ്യത്യാസത്തിന്റെ ശതമാനം എന്നിവ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പൊതു വിപണിയിൽ അരിയുടെ വില രണ്ട് മാസത്തിനിടയിൽ പത്ത് രൂപയിലധികം വർദ്ധിച്ച സാഹചര്യത്തിൽ വില നിയന്ത്രണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഇന്ധന വിലവർദ്ധനവ്, ചരക്ക് കൂലിയിലുണ്ടായ വർദ്ധനവ്, ഇക്കാരണങ്ങൾക്ക് പുറമെ, കാലാവസ്ഥാ വ്യതിയാനം എന്നിവ മൂലം ഉത്പാദന കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള വിളവിന്റെ കുറവ് എന്നീ കാരണങ്ങളാൽ സംസ്ഥാനത്തെ പൊതുവിപണിയിലെ അരിയുടെ വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും അരിയുടെ വില നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപ്പനശാലകളിലൂടെ പൊതുവിപണിയിലേതിനേക്കാൾ 30 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ, സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, പച്ചരി, മട്ടയരി മുതലായവ വിറ്റുവരുന്നുണ്ട്. കൂടാതെ നോൺ സബ്സിഡി നിരക്കിൽ എല്ലാ അരി ഇനങ്ങളും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിൽ അളവ് നിയന്ത്രണമില്ലാതെ വില്പന നടത്തിവരുന്നു. ഓണക്കാലത്ത് പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി കൂടുതൽ അളവിൽ വിവിധ അരി ഇനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെയും ഓണം ഫെയറുകളിലൂടെയും പൊതു വിപണിയിൽ എത്തിക്കുന്നുണ്ട്. പൊതുവിപണിയിൽ അരി വില വർദ്ധിക്കുന്ന സാഹചര്യം നേരിടുന്നതിനായി നിലവിൽ വിൽപ്പന നടത്തിയിരുന്ന പച്ചരി, മട്ട അരി, ജയ അരി, കുറുവ അരി എന്നീ ഇനങ്ങൾക്ക് പുറമെ എഫ്.സി.ഐ. ഒ.എം.എസ്.എസ്. പുഴക്കലരി,<br><br>ഇതര പച്ചരി, എന്നിവയും സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പന |

| | | | |
|---|---|---|---|
| | | | ശാലകളിലൂടെ വിതരണം ചെയ്യുന്നുണ്ട്. സപ്ലൈകോയുടെ നിലവിലെ വിൽപ്പന വിലയും പൊതുവിപണിവിലയും തമ്മിലുള്ള വ്യത്യാസം, വ്യത്യാസത്തിന്റെ ശതമാനം എന്നിവ **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | പൊതു വിപണിയിൽ അരിയുടെ ലഭ്യത കുറഞ്ഞത് വിലക്കയറ്റത്തിന് കാരണമാകുന്നുണ്ടോ; മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന അരിയുടെ അളവിൽ കുറവ് സംഭവിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | ഇന്ധന വിലവർദ്ധനവ്, ചരക്ക് കൂലിയിലുണ്ടായ വർദ്ധനവ്, ഇക്കാരണങ്ങൾക്ക് പുറമെ, കാലാവസ്ഥാ വ്യതിയാനം എന്നിവ മൂലം ഉത്പാദന കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള വിളവിന്റെ കുറവ് എന്നീ കാരണങ്ങളാൽ സംസ്ഥാനത്തെ പൊതുവിപണിയിലെ അരിയുടെ വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും അരിയുടെ വില നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപ്പനശാലകളിലൂടെ പൊതുവിപണിയിലേതിനേക്കാൾ 30 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ, സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, പച്ചരി, മട്ടയരി മുതലായവ വിറ്റുവരുന്നുണ്ട്. കൂടാതെ നോൺ സബ്സിഡി നിരക്കിൽ എല്ലാ അരി ഇനങ്ങളും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിൽ അളവ് നിയന്ത്രണമില്ലാതെ വില്പന നടത്തിവരുന്നു. ഓണക്കാലത്ത് പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി കൂടുതൽ അളവിൽ വിവിധ അരി ഇനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെയും ഓണം ഫെയറുകളിലൂടെയും പൊതു വിപണിയിൽ എത്തിക്കുന്നുണ്ട്. പൊതുവിപണിയിൽ അരി വില വർദ്ധിക്കുന്ന സാഹചര്യം നേരിടുന്നതിനായി നിലവിൽ വിൽപ്പന നടത്തിയിരുന്ന പച്ചരി, മട്ട അരി, ജയ അരി, കുറുവ അരി എന്നീ ഇനങ്ങൾക്ക് പുറമെ എഫ്.സി.ഐ. ഒ.എം.എസ്.എസ്. പുഴുക്കലരി,<br><br>ഇതര പച്ചരി, എന്നിവയും സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പന ശാലകളിലൂടെ വിതരണം ചെയ്യുന്നുണ്ട്. സപ്ലൈകോയുടെ നിലവിലെ വിൽപ്പന വിലയും പൊതുവിപണിവിലയും തമ്മിലുള്ള വ്യത്യാസം, വ്യത്യാസത്തിന്റെ ശതമാനം എന്നിവ **അനുബന്ധമായി** ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | പൊതു വിപണിയിലെ വില വർധനവ് മൂലം ജനങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | പൊതുവിപണിയിലെ വില വർദ്ധനവ് മൂലം ജനങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ വില്പനശാലകളിലൂടെ 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ വിതരണം ചെയ്ത് വരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ കഴിഞ്ഞ ആറു വർഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.<br><br>കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് പൊതു ജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഇതിനു പുറമെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ‘ശബരി’ എന്ന പേരിൽ പൊതു വിപണി വിലയിൽ നിന്നും ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റ് വരുന്നു.<br><br>മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി 5600 കോടി രൂപ ചെലവാക്കി എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 13 തവണകളിലായി 11.5 കോടി സൗജന്യ ഭക്ഷ്യകിറ്റുകളാണ് കഴിഞ്ഞ 2 വർഷത്തിനിടെ വിതരണം ചെയ്തത്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിച്ച് വരുന്നു.<br><br>കേന്ദ്ര സർക്കാരിന്റെ മെയ് മാസത്തിലെ റിപ്പോർട്ട് പ്രകാരം രാജ്യത്ത് വിലക്കയറ്റം ഏറ്റവും ഫലപ്രദമായി പിടിച്ച് നിർത്തിയ സംസ്ഥാനമാണ് കേരളം. കേരളത്തിലെ ഉപഭോക്തൃ വില സൂചിക ഏപ്രിൽ മാസത്തിലെ 5.1 ൽ നിന്നും മെയ് മാസത്തിലെത്തുമ്പോൾ 4.82 ആയി കുറഞ്ഞിരിക്കുകയാണ്. ദേശീയ ശരാശരി 7.04 ആയിരിക്കെയാണ് കേരളത്തിന്റെ മികച്ച പ്രകടനം ശ്രദ്ധേയമാകുന്നത്. രാജ്യത്തെ മൊത്തവില സൂചികയെ അടിസ്ഥാനമാക്കിയുള്ള വിലക്കയറ്റം മൂന്നു ദശാബ്ദത്തിലെ ഏറ്റവും ഉയർന്ന നിരക്കായ 15.88 ശതമാനം എത്തിനില്ക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തെ വിലക്കയറ്റ സൂചിക 5.1 ശതമാനം മാത്രമാണ്. |

| | | | |
|---|---|---|---|
| | | | ദേശീയതലത്തിൽ വിലക്കയറ്റം കുതിച്ചുയരുമ്പോഴും കേരളത്തിൽ വിലക്കയറ്റം പിടിച്ചു നിർത്താനായത് സർക്കാർ പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുകൊണ്ടാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നമ്പർ | ഇനം | നിലവിലെ സബ്സിഡി വില | ശരാശരി പൊതു വിപണി വില (as per report of RMs on 10/08/2022 (per Kg) | സപ്ലൈകോ വിലയും പൊതു വിപണി വിലയും തമ്മിലുള്ള വ്യത്യാസം | വ്യത്യാസം ശതമാന ത്തിൽ |
|---|---|---|---|---|---|
| 1 | ജയ അരി | 25.00 | 47.00 | 22.00 | 46.81% |
| 2 | കുറുവ അരി | 25.00 | 41.60 | 16.60 | 39.90% |
| 3 | മട്ട അരി | 24.00 | 40.65 | 16.65 | 40.96% |
| 4 | പച്ചരി | 23.00 | 31.60 | 8.60 | 27.22% |